പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2298 10/10/2011 ൽ മറുപടിയ്ക്ക്

## പ്രാക്തന ഗോത്രവർഗ്ഗവിഭാഗങ്ങൾക്കായി കരകൗശല വസ്തുക്കളുടെ നിർമ്മാണ വിപണന സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രാക്തന ഗോത്ര വർഗ്ഗ ജനവിഭാഗങ്ങളുടേത് മാത്ര മായ പരമ്പരാഗത കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനും വിപണനത്തിനും ആവശ്യമായ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; | (എ) ഇല്ല. പ്രാക്തന ഗോത്ര വർഗ്ഗങ്ങളിൽപ്പെട്ടവർക്ക മാത്രമായി കരകൗശല നിർമ്മാണത്തിനം വിപണനത്തിനമായി പ്രത്യേക പദ്ധതികളില്ലെങ്കിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കരകൗശല വിദഗ്ധ തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് എല്ലാ വർഷവും ഗദ്ദിക എന്ന പേരിൽ രണ്ട് വിപണന മേളകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്നുണ്ട്. ഈ മേളകളിലൂടെ ഇവരുടെ ഉൽപ്പന്നങ്ങൾക്കും വിപണനം കണ്ടെത്തുന്നതിന് കഴിയുന്നുണ്ട്. |

| | |
|---|---|
| ബി) ഇല്ലെങ്കിൽ ഇത്തരം കേന്ദ്രം സ്ഥാപിക്കുന്നതിനും അതിനാവശ്യമായ നിർമ്മാണ സാമഗ്രികൾ ശേഖരിച്ച് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) പ്രാക്തന ഗോത്ര വർഗ്ഗക്കാർ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗതമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും മറ്റുമായി ഒരു ട്രൈബൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ